# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 6017.

10..7..2012-ൽ മറുപടിക്ക്

## മിൽമയിലെ ശമ്പള പരിഷ്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി | ശ്രീ. കെ.സി. ജോസഫ്. (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) മിൽമയിലെ ശമ്പള പരിഷ്കരണ കരാർ എന്നവസാനിച്ചു; | (എ) മിൽമയിലെ ശമ്പള പരിഷ്കരണ കരാർ 30..6..2011-ൽ അവസാനിച്ചു. |
| (ബി) പുതിയ ശമ്പള പരിഷ്കരണത്തിനു വേണ്ടി ജീവനക്കാരുടെ സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ; എത്ര തവണ; അറിയിക്കമോ ; | (ബി) ഉണ്ട്. ജീവനക്കാരുടെ സംഘടനകളുമായി 5 തവണ മാനേജ്മെന്റ് ചർച്ച നടത്തിയിട്ടുണ്ട്. |
| (സി) ശമ്പള പരിഷ്കരണ കരാർ എന്നു മുതൽ നടപ്പിലാക്കാൻ സാധിക്കും; വ്യക്തമാക്കാമോ ; | (സി) ജീവനക്കാരുടെ സംഘടനകളുമായുള്ള ചർച്ചകളുടെ പുരോഗതി അനുസരിച്ച് മാത്രമേ ശമ്പള പരിഷ്കരണം നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ. ഇത് മുൻകാല പ്രാബല്യത്തോടുകൂടി 2011 ജൂലൈ 1 മുതൽ നടപ്പിലാക്കുന്നതാണ്. |
| (ഡി) മിൽമ ജീവനക്കാരുടെ പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ചർച്ചകൾ നടന്നിട്ടുണ്ടോ; എത്ര തവണ; വിശദമാക്കുമോ ; | (ഡി) പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതു സംബന്ധിച്ച് ജീവനക്കാരുടെ സംഘടനകളുമായി രണ്ടിലധികം തവണ ചർച്ച നടത്തിയിട്ടുണ്ട്. ഇതിൽ 20..10..2011-ന് നടത്തിയ ചർച്ചയിൽ ജില്ല സഹകരണ ബാങ്കുകളിലേയും സംസ്ഥാന സഹകരണ ബാങ്കുകളിലേയും ജീവനക്കാർക്ക് ഇപ്പോൾ നടപ്പിലാക്കി വരുന്ന പെൻഷൻ പദ്ധതിക്ക് സമാനമായ ഒരു സ്വാശ്രയ പെൻഷൻ പദ്ധതി കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് എംപ്ലോയീസ് പെൻഷൻ ബോർഡിലൂടെ ഓപ്ഷന് വിധേയമായി നടപ്പിലാക്കണമെന്ന് തത്വത്തിൽ അംഗീകരിച്ചിട്ടുള്ളതാണ്. |

(ഇ) പെൻഷൻ പദ്ധതി എന്നുമുതൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നു വിശദമാക്കുമോ ?

(ഇ) ഇത് സംബന്ധിച്ച് പെൻഷൻ ബോർഡുമായി ചർച്ച നടത്തി വരുന്നുണ്ട്. എന്നാൽ പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാർക്കുള്ള പെൻഷൻ പദ്ധതി മാത്രമേ നടപ്പിലാക്കാനാവുകയുള്ളൂ എന്ന് പെൻഷൻ ബോർഡ് അറിയിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ.**